**File No.DT/2281/2019-A2**

'ഭരണഭാഷ – മാതൃഭാഷ'
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 21/10/2020

നമ്പർ: DT/2281/2019-A5

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- പിന്നോക്ക വിഭാഗ കമ്മീഷൻ ആരംഭിച്ച വെബ് പോർട്ടലിൽ ജീവനക്കാരുടെ ജാതി, ഉപജാതി, പൊതുവിവരങ്ങൾ ചേർക്കുന്നത് -സംബന്ധിച്ച്.

സൂചന:-
1. 4.7.2018 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
2. 20.10.2017 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
3. 1.07.2019 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

കേരള പിന്നോക്ക വിഭാഗ കമ്മീഷൻ ആരംബിച്ച വെബ് പോർട്ടൽ ആയ <u>htp/ecdesk.kscbc.kerala.gov.in</u>-ൽ വകുപ്പിലെ ജീവനക്കാരുടെ ജാതി , ഉപജാതി വിവരങ്ങൾ അടിയന്തിരമായി അപ്‌ലോഡ് ചെയ്യണമെന്ന് സൂചന (2) പ്രകാരം സർക്കുലർ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ പുതുതായി ചേർന്ന ജീവനക്കാരുടെ വിവരങ്ങൾ , പുതുതായി തുടങ്ങിയ ഐ.ടി.ഐ യിലെ ജീവനക്കാരുടെ വിവരങ്ങൾ തുടങ്ങിയവ പ്രസ്തുത പോർട്ടലിൽ അപ്‌ലോഡ് ചെയ്യണമെന്ന സൂചന (3) പ്രകാരം നിർദ്ദേശിച്ചിരുന്നു. കൂടാതെ ആയതിനുള്ള മാർഗ്ഗനിർദ്ദേശം സൂചന (1), (2) എന്നീ സർക്കുലറിൽ നിന്നും ശേഖരിക്കാവുന്നതാണ് എന്നും നിർദേശം നൽകിയിരുന്നു.

പുതുതായി സ്ഥലംമാറ്റം മുഖേന വരുന്ന ജീവനക്കാരുടെ വിവരങ്ങൾ വെബ് പോർട്ടലിൽ മുൻബ് അപ്‌ലോഡ് ചെയ്തിരുന്നോ എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വകുപ്പിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ താഴെപറയുന്ന ഫോർമാറ്റിൽ <u>ecdeskitd@gmail.com</u> എന്ന ഇ-മെയിൽ ഐ.ഡി യിലേയ്ക്ക് മടക്ക തപാലിൽ അയച്ചുതരേണ്ടതാണ്. (വിരമിച്ച ജീവനക്കാരുടെ വിവരം ഡിലീറ്റ് ചെയ്യാൻ

നോഡൽ ഓഫീസർക്ക് മാത്രമേ സാധിക്കൂ എന്ന വിവരം അറിയിക്കുന്നു).

17.09.2020 തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ ഇനിയും വിവരങ്ങൾ പൂർണ്ണമായും അപ്‌ലോഡ് ചെയ്യാത്ത ഡിപ്പാർട്ട്മെന്റുകൾക്ക് എതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുള്ളതിനാൽ അതീവ ഗൗരവത്തോടെ ടി വിഷയം കൈകാര്യം ചെയ്യണമെന്ന് അറിയിക്കുന്നു.

| Name of RIC/ITI | | | |
|---|---|---|---|
| Sl.No | Name of employee | Pen No | Date of Retirement/ VRS/Death |
| | | | |

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

പകർപ്പ്:- 1. എല്ലാ സ്ഥാപനമേധാവികൾക്കും
2. CA to ADT,
3. CA to JDT
4. A7 Seat
5. എല്ലാ ഐ.ടി മാർക്കും - സർക്കുലറിലെ നിർദ്ദേശപ്രകാരമുള്ള നടപടികൾ എടുക്കുന്നതിൽ താങ്കളുടെ പരിധിയിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകേണ്ടതും Follow up ചെയ്യേണ്ടതുമാണ്.

ഭരണ ഭാഷ – മാതൃഭാഷ

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ,വികാസ്ഭവൻ,
തിരുവനന്തപുരം.33
തീയതി: 01/07/2019

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം-പിന്നോക്ക് വിഭാഗ കമ്മീഷൻ ആരംഭിച്ച വെബ് പോർട്ടലിൽ ജീവനക്കാരുടെ ജാതി, ഉപജാതി, പൊതുവിവരങ്ങൾ ചേർക്കുന്നത്-സംബന്ധിച്ച്.

സൂചന:- 1. 4.7.2018 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
2. 20.10.2017-ലെ തീയതിയിലെ ഇതേ നമ്പർ സർക്കുലർ

*********

കേരള പിന്നോക്ക വിഭാഗ കമ്മീഷൻ ആരംഭിച്ച വെബ് പോർട്ടൽ ആയ htp/ecdesk.kscbc.kerala.gov.in-ൽ വകുപ്പിലെ ജീവനക്കാരുടെ ജാതി , ഉപജാതി വിവരങ്ങൾ അടിയന്തിരമായി അപ്‌ലോഡ് ചെയ്യണമെന്ന് സൂചന (2) പ്രകാരം സർക്കുലർ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ പുതുതായി ചേർന്ന ജീവനക്കാരുടെ വിവരങ്ങൾ പുതുതായി തുടങ്ങിയ ഐ .ടി.ഐ യിലെ ജീവനക്കാരുടെ വിവരങ്ങൾ 03.07.2019 തീയതിയ്ക്ക് മുമ്പായി പ്രസ്തുത പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ആയതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (1), സൂചന (2) എന്നീ സർക്കുലറുകളിൽ നിന്നും ശേഖരിക്കാവുന്നതാണ്.

ജീവനക്കാരുടെ വിവരങ്ങൾ അടിയന്തിരമായി വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യണമെന്ന സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ കർശന നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ ഈ വിഷയത്തിൽ സമയപരിധി നിർബന്ധമായും പാലിക്കേണ്ടതാണ്.

MADHAVAN P K
ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

ഉള്ളടക്കം: മേൽപ്രകാരം

സ്വീകർത്താവ് 1. എല്ലാ സ്ഥാപന മേധാവികൾക്കും
2. CA to ADT
3. CA to JDT
4. A 7 സീറ്റ്
5. എല്ലാ ജെ.ഡി.മാർക്കും— സർക്കുലറിലെ നിർദ്ദേശപ്രകാരമുള്ള നടപടികൾ എടുക്കുന്നതിന് തങ്ങളുടെ പരിധിയിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും നിർദ്ദേശം നൽകേണ്ടതും Follow up ചെയ്യേണ്ടതുമാണ്.

ഭരണഭാഷ മാതൃഭാഷ
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ,
4th & 5th ഫ്ലോർ, വികാസ് ഭവൻ.പി.ഒ.,
തിരുവനന്തപുരം-33
Thiruvananthapuram.

നം.എ5/23571/17

തീയതി:04/07/2018

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം- കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആരംഭിച്ച വെബ് പോർട്ടലിൽ ജീവനക്കാരുടെ ജാതി, ഉപജാതി, പൊതുവിവരങ്ങൾ ചേർക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 24/05/2016 ലെ 811/A2/2011/KSCBC നമ്പരായ കത്ത്
2) 24/07/2017 ലെ 811/A2/2011/KSCBC നമ്പരായ കത്ത്.
3) ഈ ഓഫീസിൽ നിന്നുമുള്ള 20/10/2017 ലെ ഇതേ നമ്പരായ ചുറ്ററിയിപ്പ്.

----------

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആരംഭിച്ച വെബ് പോർട്ടൽ ആയ http://ecdesk.kscbc.kerala.gov.in/ -ൽ വകുപ്പിലെ ജീവനക്കാരുടെ ജാതി, ഉപജാതി പൊതുവിവരങ്ങൾ അടിയന്തിരമായി അപ്‌ലോഡ് ചെയ്യണമെന്ന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ സ്ഥാപന മേധാവികളും അവരവരുടെ സ്ഥാപനത്തിലെ ജീവനക്കാരുടെ മേൽപ്പറഞ്ഞ വിവരങ്ങൾ 31/10/2017-നുള്ളിൽ പ്രസ്തുത വെബ്-പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതും, അപ്‌ലോഡ് ചെയ്ത വിവരങ്ങൾ സർവ്വീസ് ബുക്ക് പ്രകാരമുള്ളതാണെന്ന് ഉറപ്പു വരുത്തി കംപ്ലീഷൻ സർട്ടിഫിക്കറ്റ് അയച്ചുതരേണ്ടതുമാണ് എന്ന നിർദ്ദേശം നൽകികൊണ്ട് സൂചന 3 പ്രകാരം ചുറ്ററിയിപ്പ് നൽകിയിട്ടുണ്ട്. (പകർപ്പ് ഉൾകൊള്ളിക്കുന്നു.) ഈ വിഷയത്തിൽ പ്രസ്തുത വെബ് പോർട്ടലിൽ ഇനിയും വിവരങ്ങൾ അപ് ലോഡ് ചെയ്യാത്ത സ്ഥാപനങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ സൂചന 3 ലെ

ചുറ്ററിയിപ്പിൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും (പുതുതായി നിലവിൽ വന്ന ഐ.ടി.ഐകൾ ഉൾപ്പെടെ) വെബ് പോർട്ടലിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് 12/07/2018 നകം Completion Certificate സമർപ്പിക്കേണ്ടതുമാണ്. Completion Certificate സമർപ്പിച്ച സ്ഥാപനങ്ങൾ പുതുതായി ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ വിവരങ്ങൾ യഥാസമയം ടി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിരിക്കണം. (ഇതുവരെ പ്രസ്തുത പോർട്ടലിൽ ലോഗിൻ ചെയ്യാത്ത സ്ഥാപനങ്ങളുടെയും ഇതുവരെ Completion സർട്ടിഫിക്കറ്റ് സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെയും വിവരങ്ങൾ Annexure ആയി ഉൾകൊള്ളിച്ചിട്ടുണ്ട്.)

ജീവനക്കാരുടെ വിവരങ്ങൾ അടിയന്തിരമായി വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യണമെന്ന് ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ ഈ വിഷയത്തിൽ സമയപരിധി കർശനമായും പാലിക്കുവാൻ സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പി.കെ.മാധവൻ
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്
ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി.

സ്വീകർത്താവ്:

1. എല്ലാ സ്ഥാപന മേധാവികൾക്കും
2. സി.എ (ADT)
3. സി.എ (JDT)
4. എ 7 സീറ്റ്
5. എല്ലാ ഐ.ടി.മാർക്കും - സർക്കുലറിലെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ എടുക്കുന്നതിനു താങ്കളുടെ പരിധിയിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകേണ്ടതും follow up ചെയ്യേണ്ടതുമാണ്.

എ.05/07/2018എസ്

"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ. എ5/23571/2017

ഡയറക്ടറേറ്റ് ഓഫ് ട്രെയിനിങ്,
ലേബർ കോംപ്ലക്സ്,
4th & 5th ഫ്ലോർ
വികാസ് ഭവൻ ,
തിരുവനന്തപുരം -33
Thiruvananthapuram
20.10.2017

**<u>സർക്കുലർ</u>**

വിഷയം:- ട്രെയിനിംഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം- കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആരംഭിച്ച വെബ് പോർട്ടലിൽ ജീവനക്കാരുടെ ജാതി, ഉപജാതി, പൊതുവിവരങ്ങൾ ചേർക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1)24.5.2016 ലെ 811/A2/2011/KSCBC നമ്പരായ കത്ത്
2)24.07.2017 ലെ 811/A2/2011/KSCBC നമ്പരായ കത്ത്

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആരംഭിച്ച വെബ് പോർട്ടൽ ആയ http://ecdesk.kscbc.kerala.gov.in/ -ൽ വകുപ്പിലെ ജീവനക്കാരുടെ ജാതി, ഉപജാതി പൊതുവിവരങ്ങൾ അടിയന്തിരമായി അപ്‌ലോഡ് ചെയ്യണമെന്ന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശം നടപ്പിലാക്കുന്നതിൻറെ ഭാഗമായി എല്ലാ സ്ഥാപന മേധാവികളും അവരവരുടെ സ്ഥാപനത്തിലെ ജീവനക്കാരുടെ മേൽപ്പറഞ്ഞ വിവരങ്ങൾ 10.11.2017 നുള്ളിൽ പ്രസ്തുത വെബ്-പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതും, അപ്‌ലോഡ് ചെയ്ത വിവരങ്ങൾ സർവ്വീസ് ബുക്ക് പ്രകാരമുള്ളതാണെന്ന് ഉറപ്പ് വരുത്തി കംപ്ലീഷൻ സർട്ടിഫിക്കറ്റ് അയച്ചുതരേണ്ടതുമാണ്.(ഫോർമാറ്റ് ഉൾക്കൊള്ളിക്കുന്നു.) ടി വിഷയം കൈകാര്യം ചെയ്യുന്നതിനായി വകുപ്പിൻറെ നോഡൽ ഓഫീസറായി ശ്രീ. മനോജ് മാത്യു ജെ.എ.എ(സി)-യെ നിയോഗിച്ചിട്ടുണ്ട്.(മൊബൈൽ നമ്പർ:8891787257). ടി വിവരങ്ങൾ വെബ് പോർട്ടലിൽ രേഖപ്പെടുത്തുന്നതിനായി വകുപ്പിൻറെ കീഴിലുള്ള 99 സ്ഥാപനങ്ങൾ വെബ് പോർട്ടലിൽ തുടങ്ങിയിട്ടുണ്ട്. ഓരോ സ്ഥാപനത്തിനും ടി പോർട്ടലിലേയ്ക്ക് ലോഗിൻ ചെയ്യുന്നതിനായി ലോഗിൻ ഐ.ഡി യും പാസ്‌വേർഡും നൽകുന്നതാണ്. പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സഹായകരമാകുന്ന യൂസർ മാന്വൽ ഇതോടൊപ്പം ഉൾപ്പെടുത്തുന്നു. ഓരോ സ്ഥാപന മേധാവിയും ടി വിഷയത്തിന് അടിയന്തിര പ്രാധാന്യം നൽകേണ്ടതും, ടി ജോലികൾ ഒരു ഉദ്യോഗസ്ഥൻറെ മേൽനോട്ടത്തിൽ സമയബന്ധിതമായി പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ടി വിഷയം സംബന്ധിച്ച ആശയ വിനിമയത്തിനായി ecdeskitd@gmail.comഎന്ന പേരിൽ ഒരു ഇ-മെയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഓരോ സ്ഥാപനമേധാവിയും അവരവരുടെ സ്ഥാപനത്തിൽ പ്രസ്തുത ജോലിയുടെ മേൽനോട്ടം വഹിക്കുന്നതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻറെ പേര് തസ്തിക, ഫോൺ നമ്പർ എന്നിവ മേൽപ്പറഞ്ഞ ഇ-മെയിൽ വിലാസത്തിൽ (ecdeskitd@gmail.com)അയച്ചുതരേണ്ടതാണ്. ടി ഇ-മെയിലിന് മറുപടിയായി വെബ് പോർട്ടലിൽ താങ്കൾക്ക് ലോഗിൻ ചെയ്യാനുള്ള യൂസർ ഐ.ഡിയും പാസ്‌വേർഡും ഈ കാര്യാലയത്തിൽ നിന്നും നൽകുന്നതാണ്. എല്ലാ സ്ഥാപന മേധാവികളും 31/10/17ന് മുൻപ് തന്നെ യൂസർ ഐ.ഡിയും, പാസ്‌വേർഡും നിർബന്ധമായും കൈപ്പറ്റിയിരിക്കേണ്ടതാണ്. 10/11/17-ന് മുൻപ് തന്നെ ബന്ധപ്പെട്ട വിവരങ്ങൾ വെബ്പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതാണ്. ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ബന്ധപ്പെട്ട സെക്ഷൻ, ജീവനക്കാരുടെ വിവരങ്ങൾ വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജീവനക്കാരുടെ വിവരങ്ങൾ അടിയന്തിരമായി വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യണമെന്ന് സംസ്ഥാന

പിന്നോക്ക വിഭാഗ കമ്മീഷൻ കർശന നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ ഈ വിഷയത്തിൽ സമയപരിധി നിർബന്ധമായും പാലിക്കേണ്ടതാണ്.

പി.കെ. മാധവൻ
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിങ്

സ്വീകർത്താവ്

1.എല്ലാ സ്ഥാപന മേധാവികൾക്കും
2.സി.എ (ADT)
3.സി .എ (JDT)
4.എ 7 സീറ്റ്
5.എല്ലാ ഐറ്റിമാർക്കും-സർക്കുലറിലെ നിർദ്ദേശപ്രകാരമുള്ള നടപടികൾ എടുക്കുന്നതിനു താങ്കളുടെ പരിധിയിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകേണ്ടതും followup ചെയ്യേണ്ടതുമാണ്